പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 954 — 09.08.2017 ന് മറുപടിയ്ക്ക്.

ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരമുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരമുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാക്കി മാറ്റുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ 10 ഐ.ടി.ഐ. കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) -ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ. ചാക്ക. കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐ കളെ അന്താരാഷ്ട്ര ഐ.ടി.ഐ. കളാക്കുന്നതിന് ജി.ഒ.(ആർ.ടി) നമ്പർ 118/17/തൊഴിൽ നമ്പരായുള്ള 28.01.2017 -ലെ ഉത്തരവ് പ്രകാരം ചാക്ക ഐ.ടി.ഐ. യിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 5,23,58,914/- രൂപയും കോഴിക്കോട്ഐ.ടി.ഐ. യിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2,76,25,000/- രൂപയും ഉൾപ്പെടെ ആകെ 7,99,83,914/- രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ചാലക്കുടി ഗവ: ഐ.ടി.ഐ. യുടെ വികസനത്തിനും, വിദ്യാഭ്യാസ, ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുമായി എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) ചാലക്കുടി ഗവ: ഐ.ടി.ഐ.യുടെ വികസനത്തിനും, വിദ്യാഭ്യാസ, ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| സാമ്പത്തിക വർഷം | പദ്ധതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 2013-14 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണം | 1,15,00,000 | നിർമ്മാണം പൂർത്തിയായി |
| | ട്രാൻസ്ഫോർമർ ക്യാബിന്റെ നിർമ്മാണം | 7,60,000 | നിർമ്മാണം പൂർത്തിയായി |

| | | | |
|---|---|---|---|
| 2014-15 | ചുറ്റുമതിൽ, ജലസംഭരണി എന്നിവയുടെ നിർമ്മാണത്തിന് | 14,90,000 | നിർമ്മാണം പൂർത്തിയായി |
| | എച്ച്.ടി കണക്ഷൻ എടുക്കുന്നതിന് | 32,00,000 | ഇതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2015-16 | വിവിധ വർക്ക്ഷോപ്പ് ട്രേഡുകളുടെ ഇലക്ട്രിഫിക്കേഷൻ, പഴയ ബ്ലോക്കുകളുടെ റീവയറിംഗ്, സ്ട്രീറ്റ് ലൈറ്റിന്റെ സ്ഥാപനം | 98,00,000 | പദ്ധതി പുരോഗമിക്കുന്നു |
| | എം.എം.വി ട്രേഡിന്റെ ഗ്യാരേജ് കൺസ്ട്രക്ഷൻ | 30,00,000 | പദ്ധതി പുരോഗമിക്കുന്നു |
| | എം.ആർ.ടി.വി ലാബ് നവീകരണം | 6,00,000 | പദ്ധതി പുരോഗമിക്കുന്നു |
| 2016-17 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ | 24,22,000 | പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |

(ഒപ്പ്)

സെക്ഷൻ ഓഫീസർ